## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3641** **19/02/2013-ൽ മറുപടിയ്ക്ക്**

## ഗ്യാസ് പൈപ്പ് ലൈനിന് ഭൂമി നൽകിയ വ്യക്തിക്ക് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| 'ഗെയിൽ' ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ഏറ്റെടുക്കുന്ന സ്വകാര്യ വ്യകതികളുടെ ഭൂമിക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ? | ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി 20 മീ. വീതിയിൽ സ്ഥലത്തിന്റെ ഉപയോഗാവകാശം ഏറ്റെടുക്കേണ്ടതുണ്ട്. 1962-ലെ പെട്രോളിയം ധാതു-പൈപ്പ്ലൈൻ ആക്ട് ഖണ്ഡം 3 (1) അനുസരിച്ച് ഇതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം അനുസരിച്ച് ഭൂമിയുടെ മാർക്കറ്റ് വിലയുടെ 10% ആണ് ഉപയോഗാവകാശം ഏറ്റെടുക്കുന്നതിന് ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി അനുവദിച്ചു നൽകാവുന്നത്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് 10 മീറ്റർ വീതിയിൽ മാത്രം ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുവാൻ ഗെയിൽ സമ്മതിച്ചിട്ടുണ്ട്. ആയതിന് ഇപ്പോൾ നിലവിലുള്ള ഫെയർവാല്യുവിന്റെ (ന്യായവില) മൂന്നിരട്ടിയായി ഭൂമിയുടെ മാർക്കറ്റ് വില നിശ്ചയിക്കാനും സ്ഥിരമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനോ വലിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനോ അനുവദിക്കാത്തതിനാൽ ടി വിലയുടെ 10% ഭൂമിയുടെ ഉപയോഗാവകാശത്തിന് നഷ്ടപരിഹാരമായി നൽകാനും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.